പാലക്കാട് ജില്ലയിൽ അംഗപരിമിതർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം

199 (6904) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി നടക്കുന്ന നിയമനങ്ങളിൽ അംഗപരിമിതർക്ക് അർഹതപ്പെട്ട മൂന്നു ശതമാനം നിയമനം നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അംഗപരിമിതർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഏതെല്ലാം ജില്ലകളിൽ നടന്നിട്ടുണ്ട് ; എത്രപേരെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി കഴിഞ്ഞ 5 വർഷത്തിനുള്ളിൽ നിയമിച്ചിട്ടുണ്ട് ;

(സി) പാലക്കാട് ജില്ലയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ഓരോ വർഷവും നിയമിച്ചിട്ടുള്ളവരുടെ വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി മൂന്നുശതമാനം സംവരണം ഇപ്പോൾ നിലവിലില്ല.

(ബി&സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കൊയിലാണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താല്ക്കാലിക ജോലി ലഭ്യത

200 (6905) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുന്നവരുടെ എണ്ണം എത്രയുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) രജിസ്റ്റർ ചെയ്ത് 10 വർഷവും അതിൽ കൂടുതലും പിന്നിട്ട് ഒരു ജോലിയും ലഭിക്കാത്തവർ എത്ര യുണ്ട് എന്നത് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ; ഈ വിഭാഗത്തിന് താൽക്കാലികമായി തൊഴിൽ നൽകാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ;

(സി) 2006-11 കാലയളവിൽ സർക്കാർ ഓരോ വർഷവും എത്രപേർക്ക് താൽക്കാലികമായി ജോലി നൽകി എന്നും കൊയിലാണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് എത്ര പേർക്ക് നൽകിയിട്ടുണ്ടായിരുന്നു എന്നും വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ഓരോ വർഷവും എത്രപേർക്ക് താൽക്കാലികമായി ജോലി നൽകി എന്നത് വ്യക്തമാക്കാമോ ; കൊയിലാണ്ടി എക്സ്ചേഞ്ചിൽനിന്നും എത്ര പേർക്ക് നൽകി എന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊയിലാണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുന്നവരുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു:

1.	തിക്കോടി	2101
2.	ചെറുവണ്ണൂർ	2169
3.	അരിക്കുളം	3321
4.	പയ്യോളി	7253
5.	ചെങ്ങോട്ടുകാവ്	4949
6.	ചേമഞ്ചേരി	4881
7.	മൂടാടി	3525
8.	തുറയൂർ	1016
9.	ചങ്ങരോത്ത്	2847
10.	പേരാമ്പ്ര	8260
11.	കീഴരിയൂർ	1559
12.	കൊയിലാണ്ടി	3729
13.	നൊച്ചാട്	5085
14.	മേപ്പയ്യൂർ	2576
15.	കൂത്താളി	1713
	ആകെ	54984

(ബി) പഞ്ചായത്ത് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു :

1.	തിക്കോടി	832
2.	ചെറുവണ്ണൂർ	860
3.	അരിക്കുളം	1315
4.	പയ്യോളി	2872
5.	ചെങ്ങോട്ടുകാവ്	1960
6.	ചേമഞ്ചേരി	1933
7.	മൂടാടി	1396

LIBRARY ARCHIVES Kerala Legislative Assembly

8.	തുറയൂർ	403
9.	ചങ്ങരോത്ത്	1127
10.	പേരാമ്പ്ര	3275
11.	കീഴരിയൂർ	661
12.	കൊയിലാണ്ടി	1486
13.	നൊച്ചാട്	2013
14.	മേപ്പയ്യൂർ	1070
15.	കൂത്താളി	617

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ 2012-13 സാമ്പത്തിക വർഷം ആരംഭിച്ച എംപ്ലോയബിലിറ്റി സെന്ററുകൾ മുഖാന്തരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ അഭിരുചി വിവിധ ടെസ്റ്റുകളിലൂടെ കണ്ടെത്തി സോഫ്റ്റ് സ്കില്ലുകളിൽ പരിശീലനം നൽകുകയും, സർക്കാർ/പൊതുമേഖലാ/ സഹകാരൃ മേഖലയിലെ തൊഴിൽദായകരുമായി സഹകരിച്ചുകൊണ്ട് തൊഴിൽരഹിതർക്ക് തൊഴിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

(സി) 2006-11 കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി ഓരോ വർഷവും താൽക്കാലികമായി ജോലി ലഭിച്ചവരുടെ എണ്ണം ചുവടെ ചേർക്കുന്നു :

വർഷം	എണ്ണം
2006	8625
2007	11627
2008	16020
2009	13545
2010	10038
2011	10350

2006-11 കാലയളവിൽ കൊയിലാണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് താൽക്കാലികമായി ജോലി ലഭിച്ചവരുടെ വിവരം താഴെക്കൊടുക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

വർഷം	എണ്ണം
2006	38
2007	62
2008	139
2009	86
2010	137
2011	28
ആകെ	490

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ഓരോ വർഷവും താൽക്കാലികമായി ജോലി ലഭിച്ചവരുടെ വിവരം ചുവടെ ചേർക്കുന്നു:

2011-2012	9331 പേർ
2012-2013	7546 "
2013-2014	7729 "

കൊയിലാണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് താൽക്കാലികമായി ജോലി ലഭിച്ചവരുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

2011	86 പേർക്ക്
2012	93 "
2013	91 "
2014	25 "

വീട്ടുവേലക്കാർ, ഹോം നഴ്സുമാർ എന്നിവരെക്കുറിച്ചുള്ള പഠനം

201 (6906) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീട്ടുവേലക്കാർ, ഹോംനഴ്സുമാർ എന്നിവരെക്കുറിച്ച് ഒരു ആധികാരിക പഠനം നടത്താൻ തയ്യാറാകുമോ ;

(ബി) ഇത്തരം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സേവന-വേതന വ്യവസ്ഥകൾക്കായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഗാർഹികതൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 9-3-2010-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 32/2010/തൊഴിൽ പ്രകാരം മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly